"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**ധനകാര്യ (വ്യയം- എ) വകുപ്പ്**

**സർക്കുലർ**

**നം.61/2024/ധന** **തിരുവനന്തപുരം, തീയതി : 13.11.2024**

**വിഷയം:- ധനകാര്യ വകുപ്പ്- ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പളം, പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ/കുടിശ്ശികകൾ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിനെ/ഗവൺമെന്റ് സെക്രട്ടറിമാരെ എതിർകക്ഷിയാക്കി ഫയൽ ചെയ്യുന്ന കേസുകളിൽ സ്വീകരിക്കേണ്ട തുടർനടപടികൾ-നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്.**

ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ എന്നത് പ്രത്യേക ഉദ്ദേശ്യത്തിനു വേണ്ടി പ്രവർത്തിക്കുന്നവയും സ്വയാർജ്ജിത വരുമാനത്താൽ മുന്നോട്ട് പോകേണ്ടതുമായ സ്ഥാപനങ്ങളാണ്. ടി സ്ഥാപനങ്ങൾക്ക് പ്രവർത്തന സഹായം എന്ന നിലയിലാണ് സർക്കാർ നിശ്ചിത തുക ബജറ്റ് ഗ്രാന്റായി അനുവദിക്കുന്നത്. അതിനാൽ തന്നെ പ്രസ്തുത സ്ഥാപനങ്ങളുടെ ശമ്പളം, പെൻഷൻ ഉൾപ്പെടെയുള്ള യാതൊരുവിധ ചെലവുകളും സർക്കാർ ചെലവുകളല്ല. അവയെല്ലാം പ്രസ്തുത സ്ഥാപനങ്ങളുടെ തനതു വരുമാനത്തിൽ നിന്ന് നിർവ്വഹിക്കേണ്ട ചെലവുകളാണ്. അത്തരത്തിലുള്ള സ്ഥാപനങ്ങളിലെ ജീവനക്കാർ ശമ്പളം, പെൻഷൻ എന്നിവയിൽ വർദ്ധനവ് ആവശ്യപ്പെട്ടും കുടിശ്ശിക ആവശ്യപ്പെട്ടും സർക്കാരിനെതിരെ കേസുകൾ ഫയൽ ചെയ്യുകയും ടി തുകകൾ നൽകാൻ സർക്കാരിന് നിർദ്ദേശം നൽകിക്കൊണ്ട് കോടതികൾ ഉത്തരവുകൾ പുറപ്പെടുവിക്കുന്ന സാഹചര്യം ഉണ്ടാകുകയും ചെയ്യുന്നുണ്ട്. ടി സാഹചര്യം ഒഴിവാക്കുന്നതിന് വേണ്ടി താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

LSG GUIDE

1. ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങളുടെ ശമ്പളം, പെൻഷൻ ഉൾപ്പെടെയുള്ള യാതൊരുവിധ ചെലവുകളും സർക്കാരിന്റെ ബാധ്യതയല്ല. ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ സ്വയാർജ്ജിത വരുമാനത്തിൽ നിന്ന് ടി ചെലവുകൾ നിർവ്വഹിക്കണം.

2. ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങളിലെ ജീവനക്കാരോ, ടി സ്ഥാപനവുമായി ബന്ധപ്പെട്ട് പ്രവർത്തനം നടത്തുന്ന മറ്റുള്ളവരോ ടി സ്ഥാപനത്തിൽ നിന്നും ലഭിക്കുവാനുള്ള ഏതെങ്കിലും

തരത്തിലുള്ള തുക ആവശ്യപ്പെട്ടുകൊണ്ട് ഗവൺമെന്റ് സെക്രട്ടറിമാരെ എതിർകക്ഷിയാക്കി കേസുകൾ ഫയൽ ചെയ്യുന്ന സാഹചര്യം ഉണ്ടായാൽ അപ്പോൾ തന്നെ ടി ബാധ്യതകൾ സർക്കാർ ബാധ്യതകൾ അല്ല എന്ന് ചൂണ്ടിക്കാട്ടി ബന്ധപ്പെട്ട ഭരണ വകുപ്പുകളും ടി സ്ഥാപനങ്ങളും ബഹു.കോടതി മുമ്പാകെ സത്യവാങ്മൂലം ഫയൽ ചെയ്യേണ്ടതാണ്.

3. ഇത്തരത്തിലുള്ള കേസുകൾ ഫയൽ ചെയ്യപ്പെട്ടാലുടൻ തന്നെ പ്രസ്തുത ബാധ്യതകൾ സർക്കാർ ബാധ്യതകളല്ലാത്തതിനാൽ ടി ബാധ്യതകളുടെ മേൽ സർക്കാരിനു യാതൊരുവിധ ഉത്തരവാദിത്വവുമില്ല എന്ന് ചൂണ്ടിക്കാട്ടി ഗവൺമെന്റ് സെക്രട്ടറിമാരെ എതിർകക്ഷി പട്ടികയിൽ നിന്ന് അടിയന്തരമായി ഒഴിവാക്കുന്നതിനുള്ള നടപടികൾ അഡ്വക്കേറ്റ് ജനറലുമായി ബന്ധപ്പെട്ട് എതിർകക്ഷിയാകുന്ന വകുപ്പ് സെക്രട്ടറിമാർ സ്വീകരിക്കേണ്ടതാണ്.

4. ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾക്ക് വേണ്ടി "ഗ്രാന്റ്-ഇൻ-എയ്ഡ്-സാലറി" ശീർഷകത്തിൽ നിന്നും തുക റിലീസ് ചെയ്യുമ്പോൾ ടി തുക സർക്കാർ ഏതെങ്കിലും ബാധ്യതയുടെ പുറത്ത് അനുവദിക്കുന്ന തുക അല്ല എന്നും ശമ്പള വിതരണത്തിനുള്ള സഹായം മാത്രമാണെന്നും ടി തുകയ്ക്ക് ഉപരിയായി ആവശ്യമായ തുക ബന്ധപ്പെട്ട സ്ഥാപനങ്ങൾ സ്വന്തം ഫണ്ടിൽ നിന്ന് തന്നെ കണ്ടെത്തണമെന്ന വ്യവസ്ഥ നിശ്ചയിക്കേണ്ടതാണ്. ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾക്ക് "ഗ്രാന്റ്-ഇൻ-എയ്ഡ്-സാലറി" ശീർഷകത്തിൽ അല്ലാതെ മറ്റു ശീർഷകങ്ങളിൽ അനുവദിക്കുന്ന തുക ഒരു കാരണവശാലും ശമ്പള/പെൻഷൻ മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്ക് ഉപയോഗിക്കാൻ പാടില്ല എന്നും ചെലവ് അനുവദിച്ച് കൊണ്ടുള്ള ഉത്തരവിൽ നിഷ്കർഷിക്കേണ്ടതാണ്.

LSG GUIDE

5. മേൽ പ്രകാരം നിഷ്കർഷിച്ചിട്ടുള്ള നടപടികൾ സ്വീകരിക്കുന്നതിൽ ഉണ്ടാകുന്ന വീഴ്ച സർക്കാർ അതീവ ഗൗരവത്തോടെ കാണുന്നതാണ്. ഏതെങ്കിലും കാരണവശാൽ അത്തരം കേസുകളിൽ സർക്കാർ പണം നൽകേണ്ടി വരുന്ന സാഹചര്യം ഉണ്ടായാൽ ബന്ധപ്പെട്ട സ്ഥാപന അധികാരിയിൽ നിന്നും ടി തുക ഈടാക്കുന്നതും അല്ലാത്തപക്ഷം പ്രസ്തുത തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ബാധ്യതയായി നിലനിൽക്കുന്നതുമാണ്.

**ഡോ. എ. ജയതിലക് ഐ.എ.എസ്.**
**അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II), കേരള, തിരുവനന്തപുരം.
3. എല്ലാ ഭരണ വകുപ്പ് സെക്രട്ടറിമാർക്കും
4. സെക്രട്ടേറിയറ്റിലെ എല്ലാ ഭരണ വകുപ്പുകൾക്കും
5. എല്ലാ വകുപ്പ് മേധാവികൾക്കും
6. എല്ലാ ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപന മേധാവികൾക്കും

7. അഡ്വക്കേറ്റ് ജനറൽ കേരളം, എറണാകുളം
8. പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം.
9. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ.
10. നോഡൽ ഓഫീസർ, www.finance.kerala.gov.in
11. ഓഫീസ് കോപ്പി/കരുതൽ ഫയൽ (E:2827474, EDN-B2/121/2024-FIN-Part(1))

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

LSG GUIDE